ആറ്റടപ്പ നമ്പർ 2 എൽ.പി സ്കൂൾ: 13153

സ്ഥാപിതം: 1903

# അക്കാദമിക് മാസ്റ്റർ പ്ലാൻ



ACE Scanner

# ഉള്ളടക്കം


| | പേജ് |
|---|---|
| 1. ആമുഖം | 3 |
| 2. പൊതുലക്ഷ്യങ്ങൾ | 5 |
| 3. അവസ്ഥാ വിശകലനം. | 7 |
| 4. സമൂഹവുമായുള്ള ബന്ധം | 9 |
| 5. നേട്ടങ്ങൾ, പരിമിതികൾ | 11 |
| 6. കുട്ടികളുടെ പഠന നിലവാരം, കാഴ്ചപ്പാട്, പിന്തുണാ സംവിധാനങ്ങൾ. | 12. |
| 7. 2024-25, 2025-26 അധ്യയന വർഷത്തെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം, നിലവിലെ അധ്യാപകർ. | 13. |
| 8. സ്കൂൾ മാസ്റ്റർ പ്ലാൻ. | 14. |


PDF Scanner ACE Scanner

# ആമുഖം

വിദ്യാലയത്തിലെ ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് കുട്ടികളുടെ ബഹുമുഖ വിദ്യാഭ്യാസ വികാസം ലക്ഷ്യം വച്ചുകൊണ്ട് പഠനപാഠ്യേതര വിഷയങ്ങൾ, സമൂഹവുമായുള്ള ഇടപെടലുകൾ, എന്നിവയിലെല്ലാം കുട്ടികളുടെ പുരോഗതി കൈവരിക്കുന്നതിനാവശ്യമായ അനുരൂപീകരണ പ്രവർത്തനങ്ങളും പിന്തുണാ സംവിധാനങ്ങളും വളരെ സൗഹൃദത്തോടെയും കാര്യക്ഷമമായും നടത്തേണ്ടതുണ്ട്. ഓരോ കുട്ടിയെയും അവൻ പഠിക്കുന്ന ക്ലാസിൽ നേടേണ്ട ശേഷികൾ നേടി മുന്നോട്ട് നയിക്കുവാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കുവാനാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.

അക്കാദമിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ലക്ഷ്യമിട്ടുകൊണ്ട് 2025 ജൂൺ മുതൽ 2025 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ കഴിയുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതും മാറ്റങ്ങൾക്ക് വിധേയമായതുമായ പ്രവർത്തനങ്ങളാണ് ഇവിടെ കൊടുക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും അതതുക്ലാസിൽ നേടേണ്ട പഠനശേഷികൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയുടെയും സമഗ്ര വിദ്യാഭ്യാസ വികാസം ഉറപ്പു വരുത്തുക.
- മലയാളവും ഇംഗ്ലീഷും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും അനായാസം സംസാരിക്കാനും സ്വതന്ത്രരചനകൾ നടത്താനും കഴിവുണ്ടാക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും ആരോഗ്യകായിക ക്ഷമത ഉറപ്പുവരുത്തുക
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- L.S.S. നേടിയെടുക്കുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.
- വിദ്യാലയത്തിന്റെ വികസനം മുൻനിർത്തി പൂർവവിദ്യാർത്ഥി സംഘടന, SSG എന്നിവയുടെ പ്രവർത്തനം സജീവമാക്കുക.

PDF Scanner ACE Scanner

## അവസ്ഥാ വിശകലനം

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനിൽ 31-ാം വാർഡിൽ ആറ്റടപ്പ എന്ന ഗ്രാമത്തിൽ ആണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. സ്കൂളിന് രണ്ട് പെർമനന്റ് കെട്ടിടങ്ങളുണ്ട്. അതിൽ ഒന്നിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളും ഓഫീസും അടുത്ത കെട്ടിടത്തിൽ പ്രീപ്രൈമറിയും കമ്പ്യൂട്ടർ ലാബുമാണ്. പൊതുവായി രണ്ട് ടോയ്‌ലറ്റുകളും ആൺകുട്ടികൾക്ക് മാത്രമായി അഞ്ച് യൂറിനൽസുമുണ്ട്. എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ആയിരത്തിലധികം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ ഉണ്ട്.

സ്കൂൾ മാനേജർ ടി.വി ശ്രീലക്ഷ്മിയാണ്. 1 മുതൽ 4 വരെ ക്ലാസിൽ 16 കുട്ടികളും പ്രീപ്രൈമറിയിൽ 2 കുട്ടികളും ഉണ്ട്. പ്രധാന അധ്യാപിക ശ്രീമതി. വി. വിജു സഹ അധ്യാപികമാരായി ഇന്ദു, ഹസനത്ത്, അനശ്വര, പ്രീപ്രൈമറി അധ്യാപിക വിനോദിനി ആണ്.

മാനേജരുടെയും അധ്യാപകരുടെയും നാട്ടുകാരുടെയും വിദ്യാലയസംരക്ഷണസമിതിയുടെയും സഹായത്തോടെ ഇന്നത്തെ നിലയിലുള്ളതായ സ്കൂൾ കെട്ടിടവും ഇതിന്റെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കുട്ടികളുടെ IT പഠനത്തിനാവശ്യമായ ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ എന്നിവ MLA, MP ഫണ്ടിൽ നിന്നും ലഭ്യമായിട്ടുണ്ട്.

എല്ലാ മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്. എല്ലാ ക്ലാസിലും ഫാൻ ഉണ്ട്. ശുദ്ധജലത്തിന് സ്കൂളിനായി കിണറും ടാങ്ക് പൈപ്പ് സൗകര്യവും കുടിവെള്ളത്തിനായുള്ള വാട്ടർഫിൽട്ടർ സൗകര്യവുമുണ്ട്. കിണറിന് പിടിഎയുടെ വകയായി ഗ്രിൽസ് ഇട്ടിട്ടുണ്ട്. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ സ്കൂളിന്റെ പിൻഭാഗത്ത് വരാന്തയും അതിൽ ഇരിപ്പിട സൗകര്യങ്ങളുമുണ്ട്. അടുക്കളയും മെച്ചപ്പെട്ടതാണ്. ക്ലാസ്റൂം വേർതിരിക്കാനായി താൽക്കാലികമായ പാർട്ടീഷൻ സ്ക്രീനുകളാണ് ഉള്ളത്. സ്കൂളിൽ അതി

സൂക്ഷിക്കുവാൻ വേണ്ടി പ്രത്യേകം സംവിധാനം ഉണ്ട്. മികച്ച രീതിയിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു.

ഈ പ്രദേശത്ത് ഇപ്പോൾ അടുത്തടുത്തായി അഞ്ച് സ്കൂളുകൾ ഉണ്ട്. മൂന്ന് സ്കൂൾ കണ്ണൂർ സൗത്ത് സബ് ജില്ലയിലും രണ്ട് സ്കൂൾ നോർത്ത് സബ് ജില്ലയിലുമാണ്. ഇങ്ങനെയുള്ള സാഹചര്യം ഉള്ളതിനാലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആധിക്യവും ഇംഗ്ലീഷിനോടുള്ള അഭിനിവേശവും കാരണം നമ്മുടെ വിദ്യാലയത്തിൽ കുട്ടികൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറവായതിനാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്.

## സമൂഹവുമായുള്ള ബന്ധം

വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനായി പി.ടി.എ, എം.പി.ടി.എ, CPTA, SSG, SRG, പൂർവ്വ വിദ്യാർത്ഥിസംഘടന, വിദ്യാലയ സംരക്ഷണസമിതി, ആരോഗ്യസംരക്ഷണസമിതി, ജാഗ്രതാ സമിതി, സമഗ്ര ഗുണമേന്മാ സമിതി എന്നിവ ഫലപ്രദമായരീതിയിൽ നടത്തിവരുന്നു. ഈവർഷം ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് കുട്ടിയുടെ ബഹുമുഖ വികാസം ലക്ഷ്യം വച്ചുകൊണ്ട് രൂപീകരിച്ചതാണ് സമഗ്ര ഗുണമേന്മാ പദ്ധതി.

ഈ സ്കൂളിലെ കുട്ടികൾ ആറ്റടപ്പ ഗ്രാമോദ്ധാരണ വായനശാലയിൽ അംഗത്വം സ്വീകരിക്കുകയും പരിപാടികളിൽ പങ്കെടുത്ത് മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കുകയും ചെയ്യുന്നു. വിവിധദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വളരെ മികവാർന്ന രീതിയിൽ തന്നെ പരിപാടികൾ നടത്തുകയും അതിൽ പൊതുസമൂഹത്തെക്കൂടി പങ്കാളികളാക്കുകയും ചെയ്തിട്ടുണ്ട്. പൂർവ്വവിദ്യാർത്ഥിസംഗമം, സഹവാസക്യാമ്പ്, സ്കൂൾ വാർഷികം പഠനയാത്ര ഇടങ്ങിയ പരിപാടികളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്താറുണ്ട്. ഇഫ്താർ വിരുന്ന് എടുത്തു പറയേണ്ട ഒരനുഭവം ആയിരുന്നു.

# നേട്ടങ്ങൾ

പഠനപാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നു. എൽ. എസ്. എസ്, ശാസ്ത്ര വിജ്ഞാനോത്സവം, വിദ്യാരംഗം. കലാകായിക പ്രവൃത്തി പരിചയമേള എന്നിവയിലൊക്കെ കുട്ടികൾ പങ്കെടുക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സബ്ജില്ലാ പ്രവൃത്തിപരിചയമേളയിൽ ഓവറോൾ നേടി. 2023-24 അധ്യയന വർഷം പ്രവൃത്തി പരിചയ മേളയിൽ 7ാം സ്ഥാനം, കലാമേളയിൽ ഓവറോൾ 3ാം സ്ഥാനം, കായികമേളയിൽ റണ്ണർ അപ്പ്. LSS ൽ 1 കുട്ടിക്ക് കിട്ടി. നൂൾ നൂൾ. ഹിരവ് പഠവ് പരീക്ഷയിൽ മുഴുവൻ കുട്ടികളും വിജയിച്ചു. 2024-25 അധ്യയന വർഷം പ്രവൃത്തിപരിചയമേളയാൽ മികച്ചനേട്ടം, കലാമേളയാൽ മോണോ ആക്ടിന് രണ്ടാംസ്ഥാനം, മറ്റുള്ളവയിൽ എല്ലാം എ ഗ്രേഡ്, B ഗ്രേഡ്, ഗോൾഡൻ ആരോ, ഹിരവ് പഠവ് വിജയം, കായികമേളാ നേട്ടം മുതലായവ.

# പരിമിതികൾ

സ്കൂളിലേക്ക് റോഡ് പകുതിവരെയുണ്ടെങ്കിലും വാഹനം വരാനുള്ള സൗകര്യം ആയിട്ടില്ല. അത് വിദ്യാലയ പ്രവർത്തനത്തിന് ഒരു പരിധിവരെ ഒരു പരിമിതിയാണ്. കൂടാതെ വിദ്യാലയ പരിസരത്ത് കുട്ടികൾ കുറവായതും വിദ്യാലയത്തിന്റെ അഭിവൃദ്ധിയെ ബാധിക്കുന്നു. മികച്ച സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർധിപ്പിക്കാൻ സാധിക്കുന്നില്ല.

## കുട്ടികളുടെ പഠനനിലവാരം

കുട്ടികളുടെ എണ്ണം കുറവായ ഈ വിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും പഠനത്തിൽ മികച്ച ശ്രദ്ധ പതിപ്പിക്കുന്നതിനും പോരായ്മകൾ കണ്ടെത്തി പരിഹാരപ്രവർത്തനങ്ങൾ നൽകുന്നതിനും അധ്യാപകർ കൂടായി പ്രവർത്തിക്കാറുണ്ട്. എല്ലാ ദിനാചരണങ്ങളിലും കുട്ടികൾക്കുവേണ്ടി മത്സരങ്ങൾ നടത്തുകയും വിജയിച്ചവർക്ക് അർഹമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ LSS, വിവിധ ക്വിസുകൾ, കല, പ്രവൃത്തിപരിചയം എന്നിവക്ക് കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകാറുണ്ട്.

### കാഴ്ചപ്പാട്

കുട്ടികളിൽ സാമൂഹ്യബോധം, അച്ചടക്കം, ശുചിത്വബോധം, ആരോഗ്യകായികശേഷി, പരസ്പരസഹകരണം എന്നിവയിൽ തന്റെ കടമകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു ഉത്തമപൗരനാക്കി മാറ്റിയെടുക്കുക.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധസംവിധാനങ്ങൾ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| SRG | ആഴ്ചയിലൊരിക്കൽ / അവശ്യസന്ദർഭങ്ങളിൽ |
| PTA | അവശ്യസന്ദർഭങ്ങളിൽ |
| MPTA | " |
| CPTA | മാസത്തിലൊരിക്കൽ |
| SSG | അവശ്യസന്ദർഭങ്ങളിൽ |
| Noon Meal | മാസത്തിലൊരിക്കൽ |
| OSA | അവശ്യസന്ദർഭങ്ങളിൽ |
| ജാഗ്രതാസമിതി | വർഷത്തിൽ രണ്ടുതവണ |
| സമഗ്രഗുണമേന്മാ വിദ്യാഭ്യാസ സമിതി | മാസത്തിലൊരിക്കൽ |

## 2024- 25 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | I | | II | | III | | IV | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | - | 3 | 4 | 2 | 1 | 2 | - | 2 | 5 | 9 |
| ആകെ കുട്ടികൾ | 3 | | 6 | | 3 | | 2 | | 14 | |

## 2025- 26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 1 | 1 | - | 3 | 5 | 2 | 2 | 2 | 8 | 8 |
| ആകെ കുട്ടികൾ | 2 | | 3 | | 7 | | 4 | | 16 | |

## അധ്യാപകർ - നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിര അധ്യാപകർ | താൽക്കാലിക നിയമനം/ ദിവസവേതനം | 3വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ. പി | 4 | 4 | 2 | 1 |

# ക്ലാസ്

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

ഒന്നാം തരം

ACE Scanner

# ആമുഖം.

ആറ്റടപ്പ നമ്പർ 2 എൽ.പി. സ്കൂളിൽ 2025 - 26 അധ്യയന വർഷത്തിൽ ഒന്നാം തരത്തിൽ 2 കുട്ടികളാണ് ഉള്ളത്. ഈ കുട്ടികൾക്ക് ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. എഴുത്ത്, വായന, തുടങ്ങിയ അക്കാദമിക നേട്ടങ്ങളോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

PDF Scanner ACE Scanner

# ഭാഷ

## ലക്ഷ്യങ്ങൾ:

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘുരചനകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥ

ACE Scanner

കൾ എഴുതുന്നു. വായിക്കുന്നു.

• ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അ
സരം ഒരുക്കുന്നു.

• സർഗ്ഗശേഷികൾ കൈവരിക്കുന്നു.

• പാട്ടരങ്ങ് റീഡേഴ്സ് തീയേറ്റർ എന്നിവയി
ഏർപ്പെടുന്നു.

• സ്വന്തമായി എഴുതാനും വായിക്കാനും വിവി
രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി മ
ന്നു.

• രക്ഷിതാവിന്റെയും അധ്യാപകരുടെയും സ
യത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടു
ണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.

• രക്ഷിതാവിന്റെയും ~~അധ്യാപിക~~ അധ്യാപിക
ടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെ
ടുത്തുന്നു.

| പ്രവർത്തനങ്ങൾ | കാലയ |
|---|---|
| • ക്ലാസ് പി.ടി.എ. | |
| • ഒന്നൊരുക്കം സന്നദ്ധതാ പ്രവർത്തനം | |
| • സചിത്രനോട്ട്, സംയുക്തഡയറി എന്നാശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ | ജൂൺ |
| • ചെറുവായന, കാർഡുകൾ വായന. | |
| • താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ | |

| | |
|---|---|
| • സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ<br>• കഥ പറയാൻ അവസരം ഒരുക്കുന്നു.<br>• ക്ലാസ് ലൈബ്രറി ഒരുക്കുന്നു.<br>• രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.<br>• ചിത്രവായനയ്ക്കവസരം ഒരുക്കുന്നു<br>• വായനക്കൂട്ടിൽ നിന്നും കഥാപുസ്തകം വീട്ടിൽ കൊടുത്തുവിടുന്നു. രക്ഷിതാവ് കഥ പറഞ്ഞ് കൊടുക്കുന്നു അത കഥ കുട്ടി ക്ലാസിൽ വന്ന് പറയുന്നു. | ജൂലായ് |
| • വീട്ടിൽ ഒരു വായനക്കൂട് ഒരുക്കുന്നു<br>• എല്ലാദിവസവും ഡയറി പരിശോധന<br>• കുട്ടികളുടെ ഡയറി അധ്യാപിക വായിച്ച് കേൾപ്പിക്കുന്നു<br>• റീഡേഴ്സ് തീയേറ്റർ, പാട്ടരങ്ങ്<br>• സ്വാതന്ത്ര്യ ദിന പ്രവർത്തനങ്ങൾ<br>• സ്വതന്ത്ര രചന നടത്താൻ കൈത്താങ്ങ് നൽകുന്നു. | ജൂലായ്, ആഗസ്റ്റ്<br>" "<br>ആഗസ്റ്റ് |
| • ചിഹ്നങ്ങൾ ഉറപ്പിക്കൽ - കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.<br>• ലഘുവായ വായനകാർഡുകൾ സഹാ | സെപ്തംബർ |

| | |
|---|---|
| • ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു. വായിക്കുന്നു.<br>- വായനോത്സവം<br>• സംയുക്ത ഡയറി വായിച്ചവതരണം<br>• പാട്ടരങ്ങ് | നവംബർ |
| • സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.<br>• ചെറുവിവരണങ്ങൾ സ്വന്തമായി തയ്യാറാക്കൽ.<br>• രചനോത്സവം— രക്ഷിതാക്കളുടെ പിന്തുണയോടുകൂടി കുട്ടികളുടെ രചനകൾ തെളിവ് നൽകി എഡിറ്റിംഗ്<br>• അതേ ആശയത്തിന്റെ മറ്റൊരു സാധ്യതാ ചിത്രം വരയ്ക്കുന്നു | ഡിസംബർ |
| • രചനോത്സവം<br>• കഥാ പുസ്തകങ്ങൾ വായന.<br>• വായിച്ച കഥകൾ ബാലസഭകളിൽ പറയൽ<br>• ഇഷ്ടപ്പെട്ട കഥാപാത്രം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ എഴുതുന്നു | ജനുവരി |

ACE Scanner

| | |
|---|---|
| • സംയുക്ത ഡയറി പ്രകാശനം.<br>• രചനോത്സവം<br>• വ്യക്തിഗത രചനകൾ ചേർത്ത് ഒരു മാസിക തയ്യാറാക്കൽ (ഭാഷാദിനത്തിൽ)<br>• പാട്ടരങ്ങ് | ഫെബ്രുവരി. |
| • വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു. | മാർച്ച്. |

# English

## Aim

• Make all the children to read fluently and to write meaningful sentences

• Make all the children to speak in English.

| Activities. | Duration |
|---|---|
| • Simple words introducing.<br>• Provides picture card.<br>• Gives a familiar magic picture card (Vehicles, Fruits, vegetables etc...)<br>• Colouring.<br>• Games | June. |

ACE Scanner

| | |
|---|---|
| • Says the familiar words. • writing familiar words. • Reading familiar words. | July. |
| • Enjoys songs and sings them with rhythm and action. • Describes orally about picture and objects using adjectives. (colours, shape, small, big etc..) | August. |
| • Reads and writes simple words and simple sentences. • Provide picture cards and reading cards. | September. |
| • Introduce a simple picture description. • Word chain, sentence chain make words • Sentences make riddles • Describing words, rhyming words etc.. text book activities • My growing book is being prepared. | October. |

ACE Scanner

| | |
|---|---|
| • Preparing the reading card.<br>• To provide more opertunities to read write and speak English.<br>• Writes five english words daily. | November. |
| • My growing book is being prepared.<br>• Simple instructions in the class room. | December. |
| | |

# പരിസരപഠനം

## ലക്ഷ്യം

- കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുക.
- ശാസ്ത്രപഠനം കുട്ടികൾക്ക് നേരിട്ട് അനുഭവിച്ചറിയൽ.

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| • ക്ലാസ് പ്രവർത്തനത്തിന്റെ ഭാഗമായുള്ള ലഘു പരീക്ഷണങ്ങൾ നടത്തുന്നു.<br>• ഔഷധത്തോട്ടം<br>• പച്ചക്കറിത്തോട്ടം<br>• പൂന്തോട്ട നിർമ്മാണം | ജൂൺ to മാർച്ച് |

PDF Scanner ACE Scanner

# ഗണിതം.

## ലക്ഷ്യം -

• ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുന്നു.

• ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, സങ്കലനം, വ്യവകലനം എന്നിവയിൽ പ്രാപ്തരാക്കുക.

• പ്രായോഗിക സന്ദർഭങ്ങളിൽ ഗണിതക്രിയകൾ ഉപയോഗിക്കാനുള്ള ശേഷി.

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| • ദ്വിമാന ത്രിമാന രൂപങ്ങൾ കണ്ടെത്തുകയും നിറം നൽകുകയും ചെയ്യുന്നു | ജൂൺ |
| • മൂർത്ത വസ്തുക്കൾ, ഗണിത കാർഡുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു. | ജൂൺ to ഡിസംബർ |
| . സംഖ്യാ ഗാനങ്ങൾ പാടി അവതരിപ്പിക്കുന്നു | " |

• കളിപ്പെട്ടിയിലെ പ്രവർത്ത
നങ്ങൾ.

• വർക്ക് book.

• ഗണിത കളികൾ

• മനക്കണക്കുകൾ

• സംഖ്യാവ്യാഖ്യാനം, സങ്കലനം
വ്യവകലനം.

PDF Scanner ACE Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - STD-2 മലയാളം.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * സ്വന്തം ഭാഷയിൽ അക്ഷരത്തെറ്റില്ലാതെ എഴുതൽ- ശീലം ഉറപ്പിക്കുന്നു.<br>* വിവിധ അക്ഷരങ്ങൾ ഉൾപ്പെടുന്ന അക്ഷരകാർഡുകൾ ഉപയോഗിച്ച് അർത്ഥപൂർണമായ പദങ്ങളും പദങ്ങളിൽ നിന്ന് വാക്യങ്ങളും നിർമാണം- തനത് സൃഷ്ടികൾ പ്രോത്സാഹനം. | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ |
| * രണ്ടാം തരത്തിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് മാതൃഭാഷയിൽ ആശയങ്ങൾ പറയാനും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി ഉറപ്പാക്കൽ.<br>* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക. | ജൂലൈ- ആഗസ്റ്റ് | " |
| * ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | ആഗസ്റ്റ് to മാർച്ച് | " |
| * വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.<br>* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.<br>* ഈണം, താളം, ആശയം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു | ജനുവരി to മാർച്ച്. | " |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * ചിത്രകാർഡുകൾ നൽകൽ. ചിത്രകാർഡിനെ കുറിച്ച് ഭാഷണത്തിന് അവസരമൊരുക്കൽ.<br>* വായനയും എഴുത്തും വികസിപ്പിക്കൽ.<br>* വായനാ സാമഗ്രികൾ നിർമ്മിക്കൽ. | ജൂൺ-ജൂലൈ | |
| * ഭാഷയുമായി ബന്ധപ്പെട്ട IT സാധ്യത ഉറപ്പാക്കുന്നു.<br>ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | ജൂൺ-ജൂലൈ | |
| * ക്ലാസ് ലൈബ്രറി, വീട്ടുലൈബ്രറി പ്രവർത്തനക്ഷമമാക്കൽ. കുട്ടികളെ വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ്- | |
| * വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.<br>* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.<br>* വായിച്ച കഥാസന്ദർഭങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ. | സെപ്റ്റംബർ. | |
| കേട്ടതോ വായിച്ചതോ ആയ കഥകൾ, സന്ദർഭങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ അവതരിപ്പിക്കൽ.<br>വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ.<br>ഉദാ :- ആന<br>കറുത്ത ആന<br>കറുത്ത വലിയ ആന. | ഒക്ടോബർ-<br>നവംബർ | |
| സ്വതന്ത്ര സർഗാത്മക പ്രവർത്തനത്തിൽ ഏർപ്പെടൽ.<br>പഠിക്കുന്ന ഭാഷയിൽ നിരീക്ഷണം | ഡിസംബർ | |

| പ്രവർത്തനങ്ങൾ | കാലയളവ് | പൂർത്തി |
| --- | --- | --- |
| * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം) | ജനുവരി. | |
| * ലഘു വിവരണങ്ങൾ, പ്രോജക്ടുകൾ എഴുതുന്നതിനും വായിക്കുന്നതിനും അവസരമൊരുക്കുന്നു.<br>* ഭാഷണം, ലേഖനം, എഴുത്ത് എന്നിവയിൽ കുട്ടികളെ എത്തിക്കാൻ സാധിച്ചെന്ന് ഉറപ്പുവരുത്തുന്നു. | ഫെബ്രുവരി | |
| * വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ,<br>* ഓരോ കുട്ടിക്കും ഒരു മാഗസിൻ, കൈയെഴുത്ത് മാസിക, പതിപ്പുകൾ തയ്യാറാക്കൽ.<br>* വീട്ടുവായന, കൂട്ടുവായന, അമ്മ വായന, ചിത്ര വായന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു<br>* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പ്രവർത്തന സജ്ജമാക്കൽ. | ജനുവരി to മാർച്ച്. | |

STD-2 ഗണിതം. 29 ①

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| • രണ്ടാം തരത്തിലെ കുട്ടികളിൽ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിവ നേടി ഉറപ്പാക്കൽ | ജൂൺ-ജൂലൈ | |
| • 100 മുതൽ 200 വരെ എഴുതാനും പറയാനും പഠിക്കൽ. | | |
| • സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് | ജൂൺ | |
| • ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ | do | |
| • ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണൽ എഴുതൽ | ജൂലൈ | |
| • 1, 2, 3, 4, ....<br>1, 3, 5, 7, ----<br>10, 20, 30, 40 ---<br>5, 10, 15, 20 ---<br>2, 4, 6, 8, --- തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം.<br>* അക്കപ്പാട്ടുകൾ കണ്ടെത്തി പാടുന്നു. പ്രത്യേകതകൾ തിരിച്ചറിയൽ. | ജൂൺ | |
| ഒരു കൂട്ടം വസ്തുക്കളോട് അതേ എണ്ണത്തിൽ തന്നെ മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ | ജൂലൈ. | |

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. (5+5 = 10) (10+10= 20) | ജൂലൈ | ടീച്ചർ-കുട്ടികൾ |
| * പാറ്റേണുകൾ രൂപീകരിക്കൽ. | ആഗസ്റ്റ് | |
| * സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.<br>99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100<br>100 ഒന്നുകൾ ചേർന്നതാണ് 100 | | |
| * ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ. | ആഗസ്റ്റ് | അധ്യാപിക കുട്ടി. |
| * ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>ക്ലാസിലൊരുകട, സ്കൂളിലൊരുകട. ഗണിതാശയങ്ങൾ പ്രായോഗികതയിലൂടെ ഉറപ്പിക്കുന്നു. | സെപ്തംബർ | |
| * രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | | |
| * സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | ഒക്ടോബർ | |
| * സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ. | | |
| * സംഖ്യാപാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ. [illegible] | | |

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| * സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>* കറൻസി നിർമ്മാണം. പേപ്പർ വെട്ടിയൊരുക്കി ഉണ്ടാക്കൽ.<br>* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ.<br>* കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ.<br>10 രൂപ + 5 രൂപ = 15 രൂപ.<br>നോട്ട് നാണയം. | ഡിസംബർ | ടീച്ചർ കുട്ടികൾ |
| * വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ. പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.<br>* ഗണിതം ആസ്വാദ്യകരമാക്കാൻ ഉത്സവങ്ങളിൽ ഗണിതാലാപനം നടത്തൽ. | ജനുവരി | കുട്ടി അധ്യാപിക. |
| * ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പ്രശ്നങ്ങൾ കളിരീതിയിൽ ഉൾപ്പെടുത്തി വിജയം കൈവരിക്കൽ.<br>കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ. | ഫെബ്രുവരി | ” |
| കലണ്ടർ പാക്കേജ് നിർമ്മാണം.<br>സംഖ്യകൾ താരതമ്യം ചെയ്യൽ. കലണ്ടർ നോക്കി ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാവാൻ കഴിയുക. | മാർച്ച് | അധ്യാപി കുട്ടി |

English - STD-II ① 32

| Activity | Duration | Responsibility |
| --- | --- | --- |
| 1. Identify the letters, words and pictures<br>• Recognizes english letters, uses them to draw familiar shapes, objects and finds the name of drawn object spell out and read it.<br>[Sources :- Library books, Letter cards picture cards, reading cards] | June-July | Teacher |
| 2- Identify the letters and make words suitable context.<br>identify the spelling of the words.<br>Create small words make sentences picture of things animal and objects with its name and use appropriate situations. | July August | Teacher. |
| 3. Write similar lines add lines relavant context. keep rhythem and pattern (poem).<br>Read and enjoy story poem.<br>Guess the story.<br>Guess and draw the character. | June August to October | Teacher |
| 4- Picture card (Story cards) Let the learners guess the story orally. Share moral of the story. | June- to march | |

ACE Scanner

| Activity | Duration | Responsibility |
|---|---|---|
| Identify main theme of the story / poem. find the Sitable title. | | |
| 5. Jumbled word / Puzzles. Identify words and make it correct order. | August to September | Teacher |
| 6. Hidden puzzles find out the words of creatures to the hidden puzzles. | October | Teacher. |
| 7. Arrange words in alphabatical order. use picture cards., word cards, and find it picture arrange all words alphabets. | November December January to march. | Teacher |
| 8. Riddles (who I am) Introduce Some familiar words and let them find out the words and read. | february to march. | Teacher. |

# അക്കാദമിക മാസ്റ്റർ പ്ലാൻ STD. III

ഭാഷ: മലയാളം

## ലക്ഷ്യങ്ങൾ

. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.
. തെറ്റുകൂടാതെ ആശയഗ്രഹണത്തോടെയുള്ള വായന.
. കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
. രചനകൾ ഭാവാത്മകമായി വായിക്കും.
· സംഘപ്രവർത്തനത്തിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിച്ച് ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
· ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
· ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
· കഥകളെയും കവിതകളെയും മറ്റും നാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
· ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും

| പ്രവർത്തനം | കാലയളവ് |
|---|---|
| പ്രീടെസ്റ്റ് - പരിഹാര പ്രവർത്തനം. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. | June 3 to Aug 31 |
| നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെടെ) | ജൂൺ, ജൂലായ് |
| പഴഞ്ചൊല്ലുകൾ ശേഖരണം. | " " |
| കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം | " " |
| നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ - ശിൽപശാല - സർഗവേള | " " |
| കുഞ്ഞുകഥകൾ ശേഖരണം - കുഞ്ഞുകഥ, പാട്ട്, പതിപ്പ്) | എല്ലാ വെള്ളിയാഴ്ച |

PDF Scanner ACE Scanner

. കയ്യിലെ കേമൻ.

. കലാരൂപങ്ങൾ - ചിത്രശേഖരം - ആൽബം
വേഷവിധാനം.

• കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ
ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ — ആഗസ്റ്റ്.

• കുട്ടിക്കഥകൾ ഒരുക്കൽ

• റോൾപ്ലേ

• ആഹാരവുമായി ബന്ധപ്പെട്ട് പാട്ട് ശേഖരം

• പലഹാരമേള - പാചകക്കുറിപ്പ് തയാറാക്കൽ

• നാടോടിക്കഥകൾ അവതരണം. — സെപ്തംബർ

• നാടൻപാട്ടുകൾ "

കൃഷിയിട സന്ദർശനം

കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ (അവതരണം — ഒക്ടോബർ നവംബർ

പഴയകാല കളിയനുഭവങ്ങൾ വിവരണം, പതിപ്പ്

• നാടൻപാട്ട് ശിൽപശാല

• ബഡ്ഡിങ് റൈറ്റേഴ്സ് വായനശാലാ പ്രവർത്തനങ്ങൾ

കഥാപുസ്തക വായന — ഡിസംബർ to Feb

കഥ / കവിത രചന

• മാസിക നിർമ്മാണം

• മികച്ച കഥ / കവിത അവതരണം

## ഗണിതം STD. III

(3) (36)

### ലക്ഷ്യങ്ങൾ

• ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം.
• ഗണിതം ലളിതമാക്കാം കളികളിലൂടെ.

| പ്രവർത്തനം | കാലം |
|---|---|
| • ഒറിഗാമി ശില്പശാല<br>• രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | • ആഗസ്റ്റ് to ഒക്ടോബർ |
| • ഗണിതോത്സവം | ജനുവരി ആദ്യവാരം. |

## പരിസരം STD. III

ലക്ഷ്യം: ശാസ്ത്രാവബോധം വളർത്തുക
: പ്രകൃതി വിഭവ സംരക്ഷണം
: ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ

| പ്രവർത്തനം | കാലം |
|---|---|
| • കണ്ടെത്താം അറിയാം:- ചുറ്റുപാടും നിരീക്ഷണം.<br>• ലഘുപരീക്ഷണങ്ങൾ കണ്ടെത്തും. കുറിപ്പ് തയ്യാറാക്കൽ. | ജൂൺ to ഓഗസ്റ്റ്. |
| ജൈവവൈവിധ്യപാർക്ക്, ജലസ്രോതസ്സ്, പരിസ്ഥിതിസംരക്ഷണ പ്രവർത്തന പങ്കാളിത്തം. | ജൂലൈ to ഡിസംബർ |
| • ശാസ്ത്രപ്രതിഭകളെ അടുത്തറിയാം.<br>പരീക്ഷണം വീട്ടിനകത്തും.<br>ശാസ്ത്രമാസികകൾ. | |

# STD IV ഗണിതം

ലക്ഷ്യം:- ഗണിതപഠനം രസകരമാക്കൽ
: ഒറിഗാമിയിലൂടെ ഭാവന വികാസം
: ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ. നടപ്പാക്കൽ<br>ഏണിയും പാമ്പും<br>ഡൈസ് എറിയൽ<br>കച്ചവടക്കളി | വർഷം മുഴുവൻ |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | നവംബർ |
| ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൂൺ രണ്ടാംവാരം മുതൽ |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം. | ആവശ്യാനുസരണം. |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | മാർച്ച്. |

PDF Scanner ACE Scanner

മലയാളം ക്ലാസ് IV



പ്രവർത്തനം

| പ്രോജക്ട് | കാലം |
|---|---|
| പരിഹാരപ്രവർത്തനങ്ങൾ | June to .. |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഫെബ്രു. [illegible] വരെ |
| വായനാശേഷി വളർത്തൽ | |
| എഴുത്ത് പരിപോഷണപ്രവർത്തനങ്ങൾ | " |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | June to Feb. |
| കവിതകൾ വായ്ത്താരികൾ താളമിട്ടുചൊല്ലുന്നു ശില്പശാല, സർഗവേള | June to Feb |
| യാത്രാവിവരണങ്ങൾ പരിചയപ്പെടുന്നു സ്വയം തയ്യാറാക്കുന്നു | July, August |
| രചനാപരിചയക്കുറിപ്പ് പരിചയപ്പെടുന്നു തയ്യാറാക്കുന്നു | July to Janu. |
| ബഡ്ഡിങ് റൈറ്റേഴ്സ് വായനശാല പ്രവർത്തനങ്ങൾ | dece. to Feb |
| കൈപ്പുസ്തക വായന | |
| കഥ/കവിത രചന | |

മാസിക നിർമ്മാണം

മികച്ച കഥ / കവിത അവതരണം

[illegible], പാവനാടകങ്ങൾ സംഘടിപ്പിക്കൽ അവതരണം

July - Dece

# പരിസ്ഥിതി ക്ലബ് STD IV

| പ്രവർത്തനങ്ങൾ | കാലം |
|---|---|
| പ്രീടെസ്റ്റ് പരിഹാരപ്രവർത്തനങ്ങൾ | June to |
| ആവാസവ്യവസ്ഥയെ പരിചയപ്പെടൽ സംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളികളാകൽ നിരീക്ഷണം. ഫീൽഡ്ട്രിപ്പ് | June to |
| ഔഷധസസ്യ ഉദ്യാനം സുപരിചിത പരിചയപ്പെടൽ | July to August |
| പ്രശ്നങ്ങൾ പരിചയപ്പെട്ടു ചർച്ച ചെയ്യുന്നു പരിഹാരങ്ങളെക്കുറിച്ച് ബോധ്യമാകുന്നു | July to Feb |
| പരിസ്ഥിതി സംരക്ഷണപ്രവർത്തനത്തിൽ പങ്കാളികളാകൽ | June to Feb |
| ജൈവവൈവിധ്യപാർക്ക് നിരീക്ഷണം സംരക്ഷണം. ജലസ്രോതസ്സ് സംരക്ഷണം പോസ്റ്റർ, നോട്ടീസ്. ബോധവത്കരണപ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | വർഷം മുഴുവൻ |

Aim : To Speak, Read &write English with out any mistakes

| Activities | Month |
|---|---|
| Pre-test | |
| To develop listerning skills and reading skills. | June, July August |
| Games, Action songs<br>Hellow English Activities<br>Coversations<br>Skit, stories, use ICT | |
| Speaking skills. | |
| Identify the naming words from the picture<br>Identify the action words from the picture.<br>Make the simple sentences using the word about picture<br>Make simple description about the picture<br>Growing sentences, picture reading.<br>Self introductions. | |
| Develop the creative speaking and writing | August, september |
| Reading skills.<br>Book reading, Find words<br>collect and read past tense.<br>Rhyming words.<br>TB Activities. | |
| writing skills<br>Make word web<br>picture description; word chain | |

ACE Scanner